പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 7702

15.07.2014-ൽ മറുപടിക്ക്.

# വിക്ടിം കോമ്പൻസേഷൻ സ്കീം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) വിക്ടിം കോമ്പൻസേഷൻ സ്കീം നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനം എടുത്തത് എന്നാണ്; ഏത് തീയതി മുതലാണ് പ്രസ്തുത സ്കീം പ്രാബല്യത്തിൽ വന്നതെന്ന് വെളിപ്പെടുത്താമോ; | :(എ) 24.02.2014 തീയതിയിലെ സ.ഉ (കൈയ്യെഴുത്ത്) നമ്പർ 37/2014/ആഭ്യന്തരം പ്രകാരം വിക്ടിം കോമ്പൻസേഷൻ സ്കീം നടപ്പിലാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. വിക്ടിം കോമ്പൻസേഷൻ റൂളും ഫണ്ടും രൂപീകരിച്ചശേഷം മാത്രമേ സ്കീം പ്രാവർത്തികമാകുകയുള്ളൂ. |
| (ബി) പ്രസ്തുത സ്കീമിനായി നടപ്പു വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്നും വ്യക്തമാക്കുമോ; എങ്കിൽ എത്ര; | : (ബി) 2014-15 വർഷത്തിലെ 1-ാം ഉപധനാഭ്യർത്ഥനയിൽ ഒരു കോടി രൂപ വകയിരുത്തുന്നതിനായി ധനവകുപ്പിന് ശുപാർശ നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത സ്കീമിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; സ്കീം നടപ്പിലാക്കുന്നതിൽ പ്രതിവർഷം എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | : (സി) കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്ക്/ആശ്രിതർക്ക് കുറ്റകൃത്യങ്ങളുടെ പരിണിതഫലമായി നഷ്ടം/പരിക്ക് സംഭവിക്കുകയും, അവർക്ക് പുനരധിവാസം ആവശ്യമായി വരികയും ചെയ്യുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. വിക്ടിം കോമ്പൻസേഷൻ സ്കീം നടപ്പിലാക്കുന്നതിന് പ്രതിവർഷം എത്ര രൂപ വേണ്ടിവരും എന്ന് കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ